# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :6208 10.07.12-ലെ മറുപടിയ്ക്ക്

### ഗ്രാമസഭ ചേരുന്നതിനുള്ള വ്യവസ്ഥകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ഡി.സതീശൻ:<br>ശ്രീ.ബെന്നി ബെഹനാൻ:<br>ശ്രീ.ജോസഫ് വാഴക്കൻ:<br>ശ്രീ.സി.പി.മുഹമ്മദ്: | ഡോ.എം.കെ.മുനീർ<br>(ബഹു:പഞ്ചായത്തുംസാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
| (എ) ഗ്രാമസഭകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; | (എ) ഗ്രാമസഭകൾ സജീവവും സാർത്ഥകവുമാക്കുന്നതിന് ഒരേസമയം ഒന്നിലധികം ഗ്രാമസഭായോഗങ്ങൾ കൂടാതിരിക്കുക, ഗ്രാമസഭകൾക്ക് സംഘാടകസമിതി രൂപീകരിച്ച് കാമ്പയിൻ മാതൃകയിൽ ഗ്രാമസഭ സംഘടിപ്പിക്കുക, ഗ്രാമസഭാ നോട്ടീസ് എല്ലാ കുടുംബങ്ങൾക്കും നൽകിയെന്ന് ഉറപ്പുവരുത്തുക, ഒരു സാമ്പത്തിക വർഷത്തെ ആദ്യ ഗ്രാമസഭയിൽ മുൻവർഷത്തെ എല്ലാ വികസനക്ഷേമ പ്രവർത്തനങ്ങളും അച്ചടിച്ച് നൽകി ചർച്ചയ്ക്ക് വിധേയമാക്കുക, അയൽകൂട്ടപ്രവർത്തകർ, സ്വയം സഹായസംഘങ്ങൾ, കുടുംബശ്രീ പ്രവർത്തകർ, സന്നദ്ധ സാമൂഹിക സംഘടനകളിലെ അംഗങ്ങൾ എന്നിവരെ പ്രചാരണ സംഘടനാ ചുമതല ഏൽപ്പിക്കുക, അംഗൻവാടി ജീവനക്കാർ, എസ്.സി/എസ്.ടി പ്രൊമോട്ടർമാർ എന്നിവർക്ക് സംഘടനാ ചുമതല നൽകുക, ജനപങ്കാളിത്തം കൂടുതൽ ഉറപ്പാക്കുന്നതിനായി മാധ്യമങ്ങളിലൂടെയും വിദ്യാഭ്യാസ സ്ഥാപനങ്ങൾ. ജനകീയ സംഘടനകൾ, തൊഴിൽ വേദികൾ, കുടുംബശ്രീ ശൃംഖല, റസിഡൻഷ്യൽ അസ്സോസിയേഷനുകൾ എന്നിവ മുഖേന പ്രത്യേകമായും വേണ്ടത്ര പ്രചാരണം നൽകേണ്ടതുമാണ്.<br>ഗ്രാമസഭകൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ |

| | | | |
|---|---|---|---|
| | | | വകുപ്പിന്റെ 12.01.2012-ലെ സ.ഉ(സാധാ) നം.135/12/തസ്വഭവ ഉത്തരവ് പ്രകാരം കേരളത്തിലെ 134 നിയമസഭാ നിയോജക മണ്ഡലങ്ങളിലും തിരഞ്ഞെടുക്കപ്പെടുന്ന ഒരു പഞ്ചായത്തിലെ ഒരു വാർഡിൽ വിശേഷാൽ ഗ്രാമസഭ നടത്തുന്നുണ്ട്. വിശേഷാൽ ഗ്രാമസഭ ചേരുന്നതിനു മുൻപ് ആ നിയോജക മണ്ഡലത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും വയോജനങ്ങൾ, വനിതകൾ, യുവജനങ്ങൾ, വിദ്യാർത്ഥികൾ എന്നിവരുടെ പ്രത്യേക ഗ്രാമസഭകൾ ചേരുകയും വിശേഷാൽ ഗ്രാമസഭയിൽ പങ്കെടുക്കുന്നതിന് പ്രതിനിധികളെ തെരഞ്ഞെടുക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ സംസ്ഥാനത്ത് ഗ്രാമസഭകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും ക്രിയാത്മകമാക്കുന്നതിനു വേണ്ടി തദ്ദേശസ്വയംഭരണ വകുപ്പും കിലയും ചേർന്ന് സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്ത്/നഗരസഭകളിലും ഗ്രാമസഭ/വാർഡ്സഭാ മെമ്പർമാർക്കുളള പരിശീലനം നൽകിവരുന്നുണ്ട്. |
| (ബി) | ഗ്രാമസഭകൾ നിർദ്ദേശിക്കുന്ന പ്രകാരം പഞ്ചായത്തുകൾ പദ്ധതി രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ; | (ബി) | ഗ്രാമസഭയിലൂടെയാണ് ഗ്രാമപഞ്ചായത്തുകളുടെ പദ്ധതികൾ ഉരുത്തിരിയുന്നത്. പദ്ധതിയാസൂത്രണത്തിലും നിർവ്വഹണത്തിലും ഗ്രാമസഭകൾക്ക് നിർണ്ണായകമായ സ്ഥാനം നിയമം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഓരോ ഗ്രാമപഞ്ചായത്തും അവയുടെ അടുത്ത വർഷത്തേക്കുളള വികസന പദ്ധതികൾ ഗ്രാമസഭകളുടെ നിർദ്ദേശം പരിഗണിച്ചുകൊണ്ടാണ് തയ്യാറാക്കുന്നത്. |
| (സി) | നിർബന്ധമായും ഗ്രാമസഭകൾ കൂടുന്ന കാര്യത്തിന് വ്യവസ്ഥകൾ കൊണ്ടു വരുമോ? | (സി) | 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 3 പ്രകാരം ഗ്രാമസഭ കുറഞ്ഞ പക്ഷം മൂന്നു മാസത്തിൽ ഒരിക്കലെങ്കിലും ചേരേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സെക്ഷൻ 35(പി)പ്രകാരം ഗ്രാമസഭായോഗം മൂന്നുമാസത്തിലൊരിക്കൽ വിളിച്ചു കൂട്ടുന്നതിൽ തുടർച്ചയായി രണ്ട് തവണ വീഴ്ച വരുത്തിയാൽ കൺവീനർക്ക് ഒരംഗമായി തുടരാൻ അർഹതയില്ലായെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ